**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 526** **23-02-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. പൂച്ചാക്കൽ ബ്രാഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.എഫ്.ഇ. പൂച്ചാക്കൽ ബ്രാഞ്ച് പുതിയ കെട്ടിടത്തിലേക്ക് മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ബ്രാഞ്ചിന്റെ അടിക്കടിയുള്ള മാറ്റം ഉപഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്ഘാടനത്തിന് ശേഷം ഈ ബ്രാഞ്ച് ഏതൊക്കെ സ്ഥലങ്ങളിൽ പ്രവർത്തിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാണാവള്ളി പഞ്ചായത്തിൽ ശ്രീ.കെ.എം പുരുഷന്റെ ഉടമസ്ഥതയിൽ ഏകദേശം 730 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 04.11.2004 നാണ് കെ.എസ്.എഫ്.ഇ. പൂച്ചാക്കൽ ശാഖ പ്രവർത്തനം ആരംഭിച്ചത്. കാലക്രമേണ ബിസിനസ്സിൽ വളർച്ച ഉണ്ടായപ്പോൾ അതേ പഞ്ചായത്തിൽ തന്നെ (ഏകദേശം 900 മീറ്ററോളം മാറി) ശ്രീ.ടി.ഐ.ചന്ദ്രാംഗദന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു കെട്ടിടത്തിലേക്ക് മാറിയാണ് ഈ ശാഖ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ശാഖയിൽ ഇപ്പോൾ 5.72 കോടി രൂപയുടെ ചിട്ടി സലയും 24 കോടി രൂപയുടെ വായ്പകളും ഉണ്ട്. കൂടാതെ 22 ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ആയതിനാൽ ശാഖയിൽനിന്നുള്ള അപേക്ഷ പരിഗണിച്ചുകൊണ്ട് 2000 ച. അടി വരുന്ന തൊട്ടടുത്തുള്ള ശ്രീ.സതീഷ് ചന്ദ്രന്റെ ഉടമസ്ഥതയിലുള്ള പുതിയൊരു കെട്ടിടത്തിലേക്ക് മാറുവാൻ 27.05.2020 ലെ കെ.എസ്.എഫ്.ഇ യുടെ ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ശാഖ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ സ്ഥലം വാങ്ങി സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്ന കാര്യം പരിഗണിക്കുമോ? | (സി) | നിലവിൽ ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ